സി1/ഇ-130597/2020-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം

ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം

തീയതി: 06-05-2020

## സർക്കുലർ നം. 10 /2020

വിഷയം:- മോട്ടോർ വാഹന വകുപ്പ് -- വാഹനം കൈമാറ്റം ചെയ്യുന്നതിന് പാലിക്കപ്പെടേണ്ട നടപടിക്രമങ്ങൾ പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച്

സൂചന :- 1. സർക്കുലർ നം. 4/2019

2. 04/05/2020 ലെ SSG1/36/TC/2019 നമ്പർ അനൌദ്യോഗിക കുറിപ്പ്

സൂചനയിലെ സർക്കുലർ പ്രകാരം, സംസ്ഥാനത്തെ റീജിയണൽ ട്രാൻസ്പോർട്ട് കേന്ദ്രീകൃത വാഹൻ-4 സോഫ്റ്റ്‌വെയർ നടപ്പിൽ വരുത്തിയതിനോടനുബന്ധിച്ച്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ വാഹന കൈമാറ്റം രേഖപ്പെടുത്തുന്നതിനായുള്ള നടപടിക്രമങ്ങളിൽ ചില മാറ്റങ്ങൾ വരുത്തിയിരുന്നു. വാഹനം വിൽക്കുന്ന വ്യക്തിക്ക് കൈമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുവാൻ അവകാശം ലഭിക്കുവാനും തദ്വാരാ വാഹനം വാങ്ങുന്ന വ്യക്തി ഉടമസ്ഥാവകാശം തന്റെ പേരിലാക്കാതെ മറ്റൊരാൾക്കു വിൽക്കുന്നത് വഴി യഥാർത്ഥ ഉടമയ്ക്ക് അപരിഹാര്യമായ കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്നുവെന്നുള്ള പരാതി പരിഹരിക്കപ്പെടുവാനും ഈ മാറ്റങ്ങൾ സഹായകമായിരുന്നു. എന്നാൽ വാഹനം വിൽക്കുന്ന വ്യക്തിയും വാങ്ങുന്ന വ്യക്തിയും വ്യത്യസ്തമായ രണ്ടു ഓഫീസുകളുടെ പരിധിയിൽ വരുന്നുവെങ്കിൽ അപേക്ഷകർക്ക് നോ-ഡ്യൂ സർട്ടിഫിക്കറ്റ് ലഭിക്കുവാനും കൈമാറ്റം രേഖപ്പെടുത്തി കിട്ടുവാനും രണ്ടു ഓഫീസുകളെയും സമീപിക്കേണ്ടി വരുന്നുവെന്നും അത് കാരണം വളരെ കാലതാമസം നേരിടുന്നുവെന്നും വ്യാപകമായ പരാതി ഉയർന്നു വന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ സോഫ്റ്റ്‌വെയറിൽ നിലവിലുണ്ടായിരുന്ന സൌകര്യങ്ങൾക്ക് പുറമെ ആവശ്യമായ മാറ്റങ്ങൾ ഉൾകൊള്ളിച്ചു നടപ്പിൽ വരുത്തുന്നു. ഇതിനോടനുബന്ധിച്ച് പുതിയ നടപടിക്രമങ്ങൾ ഉൾകൊള്ളിച്ചുകൊണ്ടും സൂചനയിലെ സർക്കുലർ 4/2019 റദ്ദ് ചെയ്തു കൊണ്ടും പുതിയ സർക്കുലർ ഇതിനാൽ പുറപ്പെടുവിക്കുന്നു.

1. വാഹന ഉടമയും, വാങ്ങുന്ന വ്യക്തിയും ചേർന്ന് വാഹൻ-4 ലെ ഓൺലൈൻ സംവിധാനം മുഖാന്തിരം രണ്ടു പേരുടെയും മൊബൈൽ ഫോണിൽ വരുന്ന

OTP രേഖ പെടുത്തി അപേക്ഷ സമർപ്പണം പൂർത്തിയാക്കുകയും, ഫീസ് ഈപേയ്മെന്റ് ആയി ഒടുക്കുകയും ചെയ്യുക;

2. അനുബന്ധ രേഖകളും പ്രിന്റ് ചെയ്തു ഒപ്പിട്ട അപേക്ഷയുടെ സ്കാൻ ചെയ്ത പകർപ്പും ഓൺലൈൻ സംവിധാനം മുഖേന അപ്പ് ലോഡ് ചെയ്യുക;

3. ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുന്ന വേളയിൽ, വിൽക്കുന്ന വ്യക്തിയുടെയോ വാങ്ങുന്ന വ്യക്തിയുടെയോ ഓഫീസ് ഇഷ്ടാനുസരണം അപേക്ഷ സമർപ്പണത്തിനായി തിരഞ്ഞെടുക്കാവുന്നതാണ്. ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷയോടും അനുബന്ധ രേഖകളോടും, ആർ സി അയക്കുവാൻ സ്പീഡ് പോസ്റ്റിനു ആവശ്യമായ സ്റ്റാമ്പ് പതിച്ച തപാൽ കവറിനോടുമൊപ്പം തെരഞ്ഞെടുത്ത ഓഫീസിൽ തപാൽ മുഖേന അയച്ചു നൽകുകയോ, ഓഫീസിനു മുൻപിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുകയോ ചെയ്യേണ്ടതാണ്. ഒഴിവാക്കാൻ പറ്റാത്ത സാഹചര്യത്തിൽ മാത്രമേ ഓൺലൈൻ ടോക്കൺ എടുത്ത് നേരിട്ട് അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളൂ

4. ഇത്തരം അപേക്ഷകളിൽ മുൻഗണനാക്രമം അനുസരിച്ച് മാത്രമേ ഓഫീസിൽ നിന്നും തീർപ്പ് കൽപിക്കുവാൻ പാടുള്ളൂ

5. അപേക്ഷ സമർപ്പിക്കുന്ന ഓഫീസിൽ നിന്ന് തന്നെ നിശ്ചിത സമയ പരിധിക്കുള്ളിൽ സേവനം പൂർത്തിയാക്കി പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതിയ ഉടമസ്ഥന് തപാൽ മുഖേന അയച്ചു നൽകേണ്ടതും പഴയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നശിപ്പിക്കേണ്ടതുമാണ്.

6. വാങ്ങുന്ന വ്യക്തിയും വിൽക്കുന്ന വ്യക്തിയും വ്യത്യസ്ത ഓഫീസുകളുടെ പരിധിയിൽ വരുകയും അപേക്ഷ സമർപ്പിക്കാനായി തിരഞ്ഞെടുക്കുന്നത് വിൽക്കുന്ന വ്യക്തിയുടെ ഓഫീസ് ആകുകയും ചെയ്യുന്ന സാഹചര്യത്തിൽ, ആ വാഹനത്തിന്റെ നിലവിലെ രജിസ്റ്ററിങ് അതോറിറ്റിയ്ക്ക്(RA/Addl RA) സംസ്ഥാനത്തിനകത്തെ മറ്റേതൊരു രജിസ്റ്ററിങ് അതോറിറ്റിയുടെ അധികാര പരിധിയിലേക്കും വാഹന കൈമാറ്റം രേഖപെടുത്തുവാനുള്ള അധികാരം ഇതിനാൽ നൽകുന്നു. ഇങ്ങനെ കൈമാറ്റം രേഖപ്പെടുത്തുന്ന വാഹനങ്ങൾ, വാഹന-4 ലെ അഡ്മിൻ മൊഡ്യൂളിലെ മോഡിഫൈ വെഹിക്കിൾ രജിസ്റ്ററിങ് ഓഫീസ് കോഡ് സ്ക്രീൻ ഉപയോഗിച്ച് , ആർ സി ഡസ്പാച്ച് ചെയ്യുന്നതിന് മുൻപായി, വാങ്ങിയ ആളുടെ ഓഫീസിലേക്ക് ഉറപ്പായും മാറ്റിയിരിക്കേണ്ടതാണ്.

7. വാഹനം കൈമാറ്റം രേഖ പെടുത്തുന്നതിനു മുൻപായി ആ വാഹനത്തെ സംബന്ധിച്ച് ശിക്ഷാ നടപടികൾ ഒന്നും തന്നെയില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്

8. നടപടികൾ പൂർത്തിയായ ശേഷം പഴയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നശിപ്പിക്കേണ്ടതാണ്. ഹാർഡ് കോപ്പി അപേക്ഷകൾ സർക്കുലർ 5/2020-ൽ നൽകിയിട്ടുള്ള നിർദ്ദേശപ്രകാരം കൈകാര്യം ചെയ്യേണ്ടതാണ്.

9. ഈ സർക്കുലർ പ്രകാരം വാഹന ഉടമക്ക് വാഹനം കൈമാറ്റം ചെയ്യുമ്പോൾ തന്നെ അപേക്ഷ സമർപ്പിക്കുവാനുള്ള സാഹചര്യം ഉള്ളതിനാൽ വാഹന കൈമാറ്റം നടത്തുമ്പോൾ തന്നെ യാതൊരു കാലതാമസവും കൂടാതെ കൈമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുവാനും വാങ്ങിയ വ്യക്തിയാൽ വഞ്ചിതരാകാതിരിക്കുവാനും കഴിയും.

10. അപേക്ഷകർക്കും ഉദ്യോഗസ്ഥർക്കും സോഫ്റ്റ്‌വെയറിലെ പുതുക്കിയ നടപടിക്രമങ്ങൾ വിശദീകരിക്കുന്ന ഗൈഡ് അനുബന്ധമായി ഉൾകൊള്ളിക്കുന്നു

ഒപ്പ്

**ട്രാൻസ്പോർട്ട് കമ്മീഷണർ**

അംഗീകാരത്തോടെ

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &

സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി